(സി) മഞ്ചേരിയിൽ തുടങ്ങുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനത്തിനായി 29-11-2001-ലെ സ.ഉ.(സാധാ) നം.3163/01/ആ.കു.വ. മുഖേന ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പ്രസ്തുത ഉത്തരവിൽ തുക വക കൊള്ളിച്ചിട്ടില്ലായിരുന്നു. 2-7-2004-ലെ സ.ഉ.(സാധാ) നം. 1803/04/ആ.കു.വ. പ്രകാരം, എസ്റ്റിമേറ്റ് തുകയായ 435 ലക്ഷം രൂപയ്ക്ക് പ്രസ്തുത ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

പ്രൈമറി ഹെൽത്ത് സെന്റർ ആരംഭിക്കാൻ നടപടി

125 [2617] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ പെരുവയൽ പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ പ്രൈമറി ഹെൽത്ത് സെന്റർ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എന്നുമുതൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി ആന്റ് സി) പത്താം പഞ്ചവത്സര പദ്ധതി കാലയളവിൽ (2002-2007) കേന്ദ്ര ഗവൺമെന്റ് കേരളത്തിന് പുതിയതായി പ്രൈമറി ഹെൽത്ത് സെന്ററുകൾ അനുവദിച്ചിട്ടില്ല. അതിനാൽ പുതിയ പി.എച്ച്. സെന്റർ തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടില്ല. നിലവിലുള്ള നിയമമനുസരിച്ച് പുതിയ പ്രാഥമികാരോഗ്യ കേന്ദ്രം തുടങ്ങുന്നതിന് ഒരു ഏക്കർ സ്ഥലവും ടൈപ്പ് ഡിസൈൻ കെട്ടിടവും കെട്ടിടം പണി കഴിയുന്നതുവരെ പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമായ കെട്ടിടവും, സ്റ്റാഫിന് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സും അതിനോടനുബന്ധിച്ച മറ്റു കാര്യങ്ങളും അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകേണ്ടതാണ്. മേൽപ്പറഞ്ഞ സൗകര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം സജ്ജമാക്കിയാൽ പ്രാഥമികാരോഗ്യ കേന്ദ്രം അനുവദിക്കണമെന്ന നിർദ്ദേശം പരിശോധിക്കുന്നതാണ്.

പുന്നപ്ര വടക്ക് പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രം

126 [2618] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര വടക്ക് പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രവും ഒരു ആയുർവ്വേദ ആശുപത്രിയും തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഓരോ വർഷവും കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന കാര്യ അനുസരിച്ചാണ് പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുന്നത്. പത്താം പഞ്ചവത്സര പദ്ധതിയിൽ (2002-07) പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്രം നൽകിയിട്ടില്ല. അതിനാൽ പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആയുർവേദ ആശുപത്രികൾ തുടങ്ങുന്നതിനുള്ള മുൻഗണനാ ലിസ്റ്റിൽ പുന്നപ്ര വടക്ക് പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് പുതിയ ആയുർവ്വേദാശുപത്രികൾ അനുവദിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

എറണാകുളം ജില്ലയിലെ വടവുകോട്ട് പ്രൈമറി ഹെൽത്ത് സെന്റർ

127 [2619] ശ്രീ. ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വടവുകോട്ട് പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ട് 8 വർഷത്തോളമായിട്ടും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള പാറ്റേൺ അനുസരിച്ചല്ല പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പാറ്റേൺ എന്താണെന്നും വ്യക്തമാക്കാമോ;

(ബി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പാറ്റേൺ അനുസരിച്ച് വടവുകോട്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇനി എന്തെല്ലാം ചെയ്യാനുണ്ടെന്നും എന്നേക്ക് ഇതെല്ലാം പൂർത്തിയാക്കി ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ഉണ്ടായിരിക്കേണ്ട എല്ലാ സൗകര്യങ്ങളുമുള്ള പൂർണ്ണ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി തീർക്കുമെന്നും വ്യക്തമാക്കാമോ;

(സി) വടവുകോട്ട് സി.എച്ച്.സി-യുടെ കെട്ടിടങ്ങളും മറ്റും അറ്റകുറ്റപ്പണികൾ നടത്തി നന്നാക്കാനും പുതിയ വാർഡും ഓപ്പറേഷൻ തീയറ്ററും ലേബർ റൂമും ഇതിലേക്ക് ആവശ്യമായ സാധനസാമഗ്രികളും സ്ഥാപിക്കുന്നതിന് വേൾഡ് ബാങ്ക് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി ഉണ്ടാക്കിയ എസ്റ്റിമേറ്റുകളുടെയും പ്രോജക്ട് റിപ്പോർട്ടിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ഡി) വേൾഡ് ബാങ്ക് ഈ സ്കീം എടുത്തിട്ടില്ല എങ്കിൽ ഏതു സ്കീമിലാണ് വടവുകോട്ട് സി.എച്ച്.സി.-ക്ക് മേൽപ്പറഞ്ഞ സൗകര്യങ്ങൾ ഏർപ്പാടു ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നും ഏതെങ്കിലും മാർഗ്ഗത്തിൽ സി.എച്ച്.സി.-യിൽ ഈ അത്യാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തുമോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 50 കിടക്കകളുള്ള വാർഡ് നിലവിലുള്ള വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കിടക്കകളുടെ എണ്ണത്തിന് ആനുപാതികമായി തസ്തികകൾ നിലവിലുണ്ട്. ഭാരതസർക്കാർ അംഗീകരിച്ച മാനദണ്ഡമനുസരിച്ച് സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ കീഴിൽ 80,000 മുതൽ 1,20,000 വരെ ജനസംഖ്യയും കുറഞ്ഞത് 4 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉണ്ടാവുകയും

LIBRARY ARCHIVES Kerala Legislative Assembly